HON'BLE MR. N. KUNJURAMAN : അല്ല പ്രീ യൂണിവേഴ്സിറ്റിസ്കൂൾ എന്നാണ്.

MR. K. P. NILAKANTA PILLAI : പ്രീ യൂണിവേഴ്സിറ്റിയിലെ ആദ്യ ക്ലാസ്സ് ഇപ്പോഴും അവിടെ നടത്തുന്നില്ലേ?

HON'BLE MR. N. KUNJURAMAN : ഇരയംണ്ടിൽ നടത്തുന്നുണ്ട്.

MR. G. CHANDRASEKHARA PILLAI : ആ ക്ലാസ്സ് അങ്ങു് അബാളിഷ് ചെയ്യുന്നതിനു ഗവണ്മെൻറിനു വിരോധമുണ്ടോ?

HON'BLE MR. N. KUNJURAMAN : അതേപ്പറ്റി ആലോചിക്കാം.

MR. KALATHIL VELAYUDHAN NAIR : പ്രീ യൂണിവേഴ്സിറ്റിസ്കൂളിനെപ്പറ്റിയുള്ള അധികാരം യൂണിവേഴ്സിറ്റിക്കാണോ, വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനാണോ?

HON'BLE MR. N. KUNJURAMAN : ഡിപ്പാർട്ടുമെൻറിനാണ്.

MANNAR GOPALAN NAIR (*Thiruvalla I—General*) : പ്രീ യൂണിവേഴ്സിറ്റിക്ലാസിൽ ഇപ്പോഴും എത്രകുട്ടികളും പഠിക്കുന്നുണ്ട്?

HON'BLE MR. N. KUNJURAMAN : ഇപ്പോഴും സ്വ വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ്.

*484. MR. K. KUTTAPPAN (*Mavelikara III—Thandan*) : താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൻറെ ചുമതല വഹിക്കുന്ന മന്ത്രി സദയം മറുപടി നൽകുമോ?

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഫ ഠ - ഫ ശ്രേണി സെക്ക് യിലിൽ നിയമിക്കുന്ന കാപ്പിസ്റ്റുകൾക്ക് (ക്ലാർക്കുമാർക്ക്) എന്തു പരീക്ഷായോഗ്യതയാണ് വേണ്ടതെന്നു പറയുവാൻ മയവുണ്ടാകുമോ?

HON'BLE MR. A. J. JOHN : രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ കാപ്പിസ്റ്റുകളായി എഫ്. എ. അല്ലെങ്കിൽ ഇൻറർമീഡിയറു പരീക്ഷ, മെട്രിക്കുലേഷൻ പരീക്ഷ, തിരുവിതാംകൂറിലെ സ്റ്റെനോടൈപ്പിംഗ് പരീക്ഷ, കൊച്ചിയിലെ സ്റ്റെനോടൈപ്പിംഗ് പരീക്ഷ, മദ്രാസിലെ മിഡിൽസ്കൂൾ പരീക്ഷ, തിരുവിതാംകൂറിലെ വെർണാകുലർ പരീക്ഷ, ശാസ്ത്രിടെസ്റ്റ്, മഹോപാദ്ധ്യായ പരീക്ഷ ഇങ്ങനെയുള്ള പരീക്ഷകളും ജയിച്ചിട്ടുള്ളവരും മറു കൂടുതൽ യോഗ്യതയുള്ളവരും നിയമിക്കപ്പെടുന്നു.

MR. EAPEN ARAKAL (*Ambalapuzha I—Latin Catholic*) : ലെജിബിളായി എഴുതുന്നവരെ മാത്രമെ നിയമിക്കപ്പെടുകയുള്ളു എന്നു ഗവണ്മെൻറു നിഷ്കർഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : നിവർത്തിയുള്ളിടത്തോളം കൈയ്പ്പേ നന്നായിരിക്കുന്നവരെയാണു നിയമിക്കുന്നതു്. പക്ഷെ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ കൈപ്പടയെപ്പറ്റി കർശനമായി നിഷ്ക്കർഷിക്കുക എന്നു വച്ചാൽ നിലവിലിരിക്കുന്ന രൂളുകൾതന്നെ മാറേണ്ടിവരും.

MR. K. A. GANGADHARA MENON : ഒരു നിയമനത്തിനു മിനിമം കപ്പാളിഫിക്കേഷൻ ഇന്നതാണെന്നു നിശ്ചയിച്ചിരിക്കുന്ന സന്ദർഭത്തിൽ അതേ നിയമനത്തിനു കൂടുതൽ യോഗ്യത വേണമെന്നു നിഷ്ക്കർഷിക്കേണ്ടതുണ്ടോ?

HON'BLE MR. A. J. JOHN : ഗവണ്മെൻറു മിനിമം കപ്പാളിഫിക്കേഷൻ നിശ്ചയിച്ചിട്ടുണ്ടെങ്കിലും കൂടുതൽ യോഗ്യതയുള്ളവർ ഉണ്ടെങ്കിൽ അവരെ നിയമിക്കാം എന്നാണു രൂളിൽ പറഞ്ഞിരിക്കുന്നതു്. എന്നാൽ പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം മിനിമം കപ്പാളിഫിക്കേഷൻ ഉണ്ടെങ്കിലും നിയമിക്കാമെന്നു വ്യവസ്ഥയുണ്ടു്.

പെൻഷ്യൻഡു് ഉദ്യോഗസ്ഥന്മാക്കുള്ള ക്ഷാമബത്ത.

*485. MR. K. A. MATHEW : താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ദയവായി മറുപടി പറയുമോ?

ഗവണ്മെൻറിനെ സേവിച്ച പെൻഷ്യൻഡു് ഉദ്യോഗസ്ഥന്മാക്കു് ഇപ്പോൾ നൽകുന്ന നിസ്സാരമായ ക്ഷാമ അലവൻസു് (ഡിയർനെസ്സ് അലവൻസു്) അശേഷം അപര്യാപ്തമാണെന്നും ഇപ്പോൾ സർവീസിലിരിക്കുന്ന ജീവനക്കാക്കു് കൊടുത്തുവരുന്ന ക്ഷാമ അലവൻസിൻെറ ക്രമമനുസരിച്ചു് അവർക്കും പകുതിവീതം കൊടുക്കണമെന്നും അവർ ഗവണ്മെൻറിലേക്കു് നിവേദനം അയച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : അവരുടെ നിവേദനം ലഭിച്ചിട്ടുണ്ടു്.

MR. K. A. MATHEW : ഗവണ്മെൻറു് അതിനുവേണ്ടി എന്തു ചെയ്തു?

HON'BLE MR. A. J. JOHN : അതു സംബന്ധിച്ചു് തൽക്കാലം ക്ലിപ്തമായി മറുപടി പറയുവാൻ ഗവണ്മെൻറിനു് സാധ്യമല്ല. ഇപ്പോൾ നൂറുരൂപാവരെ പെൻഷനുള്ളവർക്കു് രണ്ടുരൂപാ കൂടുതൽ കൊടുക്കുന്നതിനു് ഇപ്പോൾതന്നെ ഓർഡർ ചെയ്തിട്ടുണ്ടു്. നൂറുമുതൽ ഏഴുനൂറുവരെ പെൻഷൻ ഉള്ളവർക്കു് നൂറുരൂപാ അലവൻസു് കൊടുക്കണമെന്നാണു നിവേദനം. ഏഴുനൂറുമുതൽ ഏഴായിരം പെൻഷനുള്ളവർക്കു്

LIBRARY ARCHIVES Kerala Legislative Assembly